## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T.5761

09.07.2012 ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് അക്കാഡമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
| എ) സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) സിവിൽ സർവീസ് പരീക്ഷ പ്രിലിംസും മെയിൻസും വിജയകരമായി എഴുതുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നു. ഓരോ വിഷയത്തിലും പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നത് കൂടാതെ സർവീസിലുള്ളവരും, സർവ്വീസിൽനിന്നും പിരിഞ്ഞവരുമായ IAS, IPS, IFS ഉദ്യോഗസ്ഥരുമായി സംശയനിവാരണത്തിനുള്ള അവസരം ഒരുക്കുകയും, തൊട്ടുമുൻവർഷം സിവിൽ സർവ്വീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുമായി നിരന്തരം ബന്ധപ്പെടാനുള്ള അവസരം നൽകുകയും ചെയ്യുന്നു. സിവിൽ സർവ്വീസ് പഠനത്തിന് ആവശ്യമായ വേണ്ടത്ര ബുക്കുകൾ, ജേർണലുകൾ, വിവിധ ന്യൂസ് പേപ്പറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.<br>ഒരേ സമയം 120 വിദ്യാർത്ഥികൾക്ക് ഇരുന്നു വായിക്കുന്നതിനാവശ്യമായ എ.സി. റീഡിംഗ് റൂം, നൂതന സാങ്കേതിക വിദ്യാഭ്യാസത്തിന് ഉപയോഗിക്കാവുന്നതരത്തിൽ ഒരു സ്മാർട്ട് ക്ലാസ്റൂം, ഇന്റർനെറ്റ്, വീഡിയോകോൺഫറൻസിംഗ്, LCD പ്രോജക്ടർ എന്നിവ ഉപയോഗിക്കാനുള്ള സൌകര്യം എന്നിവ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, അഡോപ്ഷൻ സ്കീമിന്റെ ഭാഗമായി പ്രിലിംസ് പാസാകുന്ന കേരളീയരായ വിദ്യാർത്ഥികൾക്ക് തുടർ പഠനവും അഭിമുഖ പരിശീലനവും UPSC അഭിമുഖത്തോടനുബന്ധിച്ചുള്ള യാത്രാബത്തയും, താമസസൌകര്യവും സൌജന്യമായി നൽകുന്നു. |

| | | |
|---|---|---|
| ബി) | അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി)യും (സി)യും<br><br>വിദ്യാർത്ഥികളുടെ പഠനസൌകര്യം മെച്ചപ്പെടുത്തുവാൻ നിലവിലുള്ള സ്ഥലത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ സൌകര്യം എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ